# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3223 — 07.11.2019-ൽ മറുപടിയ്ക്ക്

## ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം

ചോദ്യം :

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കാസർകോട് കളക്ടറേറ്റിലും ജില്ലയിലെ താലൂക്ക് ഓഫീസുകളിലും കഴിഞ്ഞ അഞ്ച് വർഷമായി തീർപ്പാക്കാതെ കിടക്കുന്ന എത്ര ഫയലുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർകോട് കളക്ടറേറ്റിലും ജില്ലയിലെ താലൂക്ക് ഓഫീസുകളിലും കഴിഞ്ഞ അഞ്ച് വർഷമായി തീർപ്പാക്കാതെ കിടക്കുന്ന 3903 ഫയലുകൾ ഉണ്ട്. |
| (ബി) | ഇത്തരം ഫയലുകൾ ഏത് സെക്ഷനുകളിലാണ് ഉള്ളതെന്നും, പരിഹാരം അനന്തമായി നീളുന്നതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (ബി) | കളക്ടറേറ്റ് - ബി സെക്ഷനിൽ റവന്യൂ റിക്കവറി, കോടതി വാറണ്ട് സംബന്ധമായ ഫയലുകളും, കെട്ടിട നികുതി റിവിഷൻ പെറ്റീഷൻ ഫയലുകളും, മഞ്ചേശ്വരം ടി.എൽ.ബി. സംബന്ധമായ ഫയലുകളുമാണ് കൈകാര്യം ചെയ്തുവരുന്നത്. ഇതിൽ റവന്യൂ റിക്കവറി ഫയലുകളിൽ പൊതുജനങ്ങൾ നൽകുന്ന പരാതികളിലും അപേക്ഷകളിലും ഒരു മാസത്തിനുള്ളിൽ തന്നെ തീർപ്പ കൽപ്പിക്കുന്നുണ്ട്. കെട്ടിട നികുതി റിവിഷൻ പെറ്റീഷൻ ഫയലുകളിൽ സൈറ്റ് ഇൻസ്പെക്ഷൻ, ഹിയറിംഗ് മുതലായവ നടത്തി ഒരു വർഷത്തിനകം തീർപ്പാക്കി വരുന്നുണ്ട്. മഞ്ചേശ്വരം ടി.എൽ.ബിയുടെ 8 കേസുകൾ ഹിയറിംഗ് നടന്നുവരുന്നുണ്ടെന്നും മുഴുവൻ ഫയലുകളും നിരവധി വർഷത്തെ കാലപ്പഴക്കമുള്ളതും നിരവധി തവണ തീർപ്പാക്കിയതും കോടതി നിർദ്ദേശപ്രകാരം വീണ്ടും |

| | | | |
|---|---|---|---|
| | | | പരിഗണിച്ചിട്ടുള്ളതുമാണ്. ഈ കേസുകളിലെല്ലാം നിരവധി കക്ഷികളെ കേൾക്കേണ്ടതും ഓരോ കക്ഷിയുടേയും സ്ഥല പരിശോധന നടത്തി ബന്ധപ്പെട്ട ഓഫീസർമാർ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാലാണ് കാലതാമസം നേരിടുന്നത്.<br>കളക്ടേറ്റിലെ എൻ സെക്ഷനിൽ<br>എൽ.എ.ആർ. സംബന്ധിച്ച കേസുകളും, സിവിൽ കോടതി കേസുകളുമാണ് ഉള്ളത്. ടി കേസുകൾ കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാലാണ് തീർപ്പാക്കാതെ ശേഷിക്കുന്നത്.<br>കളക്ടേറ്റിലെ എൻഡോസൾഫാൻ സെക്ഷനിൽ<br>എൻഡോസൾഫാൻ ദുരിതബാധിതരുടെ ദുരിതാശ്വാസ ധനസഹായം (3 ഗഡുക്കൾ), പെൻഷൻ, സൗജന്യ ചികിത്സ, ഡയാലിസിസ്, എൻഡോസൾഫാൻ രോഗിയാണെന്നുള്ള സാക്ഷ്യപത്രങ്ങൾ, ബാങ്ക് വായ്പ എഴുതി തള്ളുന്നത് സംബന്ധിച്ച്, ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ, കോടതി സംബന്ധമായവ, സെൽ മീറ്റിങ്ങുകൾ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ മീറ്റിങ്ങ്, ബഡ്സ് സ്കൂൾ സംബന്ധം, മെഡിക്കൽ ക്യാമ്പുകൾ, ഫണ്ട് ആവശ്യപ്പെടുന്നത്, നബാർഡ്/ആർ.ഐ.ഡി.എഫ്. പദ്ധതികൾ എന്നിവ സംബന്ധിച്ച പൊതു ഫയലുകളാണ് കൈകാര്യം ചെയ്യുന്നത്. ടി ഫയലുകളിൽ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.<br>ജില്ലയിലെ താലൂക്ക് ഓഫീസുകൾ<br>ജില്ലയിലെ താലൂക്ക് ഓഫീസ് ഫയലുകൾ പ്രധാനമായും ഭൂമി പതിവ്, ഭൂസംരക്ഷണം, മിച്ചഭൂമി എന്നിവയുമായി ബന്ധപ്പെട്ടവയാണ്. ടി ഫയലുകളിൽ നിയമാനുസൃതമായ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടാകുന്ന കാലതാമസം മൂലമാണ് വൈകുന്നത്. |

| | | | |
|---|---|---|---|
| (സി) | വർഷങ്ങളായി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് കാലവിളംബത്തെക്കുറിച്ച് എപ്പോഴെങ്കിലും അറിയിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | ഉണ്ട്. താലൂക്ക് ഓഫീസുകളിൽ നിന്നും കത്ത് വഴി അറിയിപ്പ് നൽകി വരുന്നു. |
| (ഡി) | കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുണ്ടാക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഇത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഫയൽ തീർപ്പാക്കാനുള്ള ഊർജ്ജിത നടപടികളും ജില്ലാ കളക്ടറുടെ അഭിപ്രായമോ, ഉത്തരവോ, സ്പഷ്ടീകരണമോ, ആവശ്യമായ വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിന് സബ് ഓഫീസുകളിൽ വച്ച് 'റീച്ച് ഔട്ട് പ്രോഗ്രാം' സംഘടിപ്പിച്ചും, ഫയൽ അദാലത്ത് സംഘടിപ്പിച്ചും ഫയലുകൾ തീർപ്പാക്കി വരുന്നുണ്ട്. |

PR

സെക്ഷൻ ഓഫീസർ